"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - കോവിഡ്-19 വ്യാപനത്തിൻെറ പശ്ചാത്തലത്തിൽ ബഹു.മുഖ്യമന്ത്രി പ്രഖ്യാപിച്ച പ്രത്യേക പാക്കേജിൽ ഉൾപ്പെട്ട കുടുംബശ്രീ മുഖേനയുള്ള 2000/- കോടി രൂപയുടെ "മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പാ പദ്ധതി "(CM's Helping Hand Loan Scheme - CMHLS)" കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.736/2020/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 04/04/2020

പരാമർശം:- 1 24-3-2020-ൽ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കുടുംബശ്രീ, എസ്.എൽ.ബി.സി. പ്രതിനിധികൾ എന്നിവരുമായി നടത്തിയ യോഗത്തിൻെറ നടപടിക്കുറിപ്പ്

2 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27-3-2020-ലെ 8943/സി/18/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

**ഉത്തരവ്**

കൊവിഡ്-19 വ്യാപനം തടയുന്നതിൻെറ ഭാഗമായി സംസ്ഥാനത്ത് ഏർപ്പെടുത്തിയ ലോക്ക് ഡൗണിനെ തുടർന്നുള്ള തൊഴിൽ നഷ്ടവും തന്മൂലം സാധാരണക്കാർക്ക് ഉണ്ടാവുന്ന ദുരിതവും കണക്കിലെടുത്ത് ബഹു.മുഖ്യമന്ത്രി പ്രഖ്യാപിച്ച പ്രത്യേക പാക്കേജിൽ ഉൾപ്പെട്ട കുടുംബശ്രീ മുഖേനയുള്ള 2000/- കോടി രൂപയുടെ "മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പാ പദ്ധതി "(CM's Helping Hand Loan Scheme - CMHLS)" ചുവടെ ചേർക്കുന്ന ഉപാധികളോടെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1. കുടുംബശ്രീ വഴി നടപ്പാക്കുന്ന "മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പാ പദ്ധതി "(CM's Helping Hand Loan Scheme - CMHLS)" മുഖേന വിതരണം ചെയ്യുന്ന വായ്പയുടെ ആകെ തുക 2000/- കോടി രൂപ ആയിരിക്കും.

2. കൊവിഡ്-19 നിമിത്തം അയൽക്കൂട്ടാംഗത്തിന് / കുടുംബത്തിന് ഉണ്ടായിട്ടുള്ള സാമ്പത്തിക ബുദ്ധിമുട്ടിനും അവരുടെ സാമ്പത്തിക സ്ഥിതിക്ക് ആനുപാതികമായും ഒരംഗത്തിന് 5,000/10,000/15,000/20,000/- എന്നിങ്ങനെ പരമാവധി 20,000/- രൂപ വരെ വായ്പ അനുവദിക്കാവുന്നതാണ് .

3. 2019 ഡിസംബർ 31-ന് മുൻപ് രൂപീകരിച്ച കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾക്കാണ് വായ്പ ലഭ്യമാക്കുക. ടി അയൽക്കൂട്ടങ്ങൾ ഒരു തവണയെങ്കിലും വായ്പ എടുത്തിട്ടുണ്ടെങ്കിൽ അതേ ബാങ്കുകളും (ഷെഡ്യൂൾഡ്/സഹകരണ ബാങ്കുകൾ), ഇതുവരെ വായ്പ എടുത്തിട്ടില്ലെങ്കിൽ അവർക്ക് സേവിംഗ്സ് അക്കൗണ്ടുള്ള ബാങ്കുകളും (ഷെഡ്യൂൾഡ് / സഹകരണ ബാങ്കുകൾ) മുഖേനയാണ്

വായ്പ അനുവദിക്കേണ്ടത്. ബാങ്കുകൾ പുതിയ ലിങ്കേജ് വായ്പയായോ നിലവിലുള്ള വായ്പയുടെ പരിധി ഉയർത്തിയോ (ടോപ് അപ്പ്) ഈ വായ്പ അനുവദിക്കേണ്ടതാണ്.

4. ബാങ്കുകൾ 8.5% മുതൽ 9 % വരെ പലിശയ്ക്ക് (പരമാവധി 9% ) അയൽക്കൂട്ടങ്ങൾക്ക് വായ്പ ലഭ്യമാക്കുകയും വായ്പയുടെ പലിശ തുക തിരിച്ചടവിന്റെ കൃത്യതയുടെ അടിസ്ഥാനത്തിൽ സർക്കാർ കുടുംബശ്രീ മുഖേന അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കുന്നതുമാണ്. ഇതിനായി വായ്പാ പലിശ യഥാസമയം കണക്കാക്കി കുടുംബശ്രീ മിഷൻ സർക്കാരിൽ സമർപ്പിക്കേണ്ടതാണ് .

5. 6 മാസം മൊറട്ടോറിയം ഉൾപ്പെടെ 36 മാസമായിരിക്കും വായ്പാ കാലാവധി .

6. മൊറട്ടോറിയം കാലാവധിയ്ക്ക് ശേഷം അയൽക്കൂട്ടങ്ങൾ പലിശ ഉൾപ്പെടെയുള്ള EMI തുക മാസാമാസം തിരിച്ചടവ് നടത്തേണ്ടതാണ്. വായ്പയുടെ പലിശതുക 3 വാർഷിക ഗഡുക്കളായി സർക്കാരിൽ നിന്നും സബ്സിഡിയായി അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കുടുംബശ്രീ മുഖേന ലഭ്യമാക്കുന്നതാണ് .

7. കൊവിഡ്-19 നിമിത്തം കഷ്ടത അനുഭവിക്കുന്നതും സാമ്പത്തിക സഹായം ആവശ്യമുള്ളതുമായ ഒരു അയൽക്കൂട്ട കുടുംബവും വായ്പാ പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെടാൻ പാടുള്ളതല്ല. എന്നാൽ സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് വേതനം / പെൻഷൻ ലഭിക്കുന്ന അയൽക്കൂട്ടാംഗങ്ങളോ കുടുംബാംഗങ്ങളോ ഉണ്ടെങ്കിൽ (പ്രതിമാസം 10,000/- രൂപയോ അതിന് മുകളിലോ കുടുംബത്തിന് ആകെ വരുമാനം) അവർക്ക് ഈ വായ്പ അനുവദിക്കുന്നതല്ല. ഓണറേറിയം, സാമൂഹ്യ സുരക്ഷാ പെൻഷൻ എന്നിവ ലഭിക്കുന്ന അയൽക്കൂട്ട അംഗങ്ങൾക്ക് വായ്പ നൽകാവുന്നതാണ് .

8. അയൽക്കൂട്ടാംഗങ്ങളുടെ അർഹതാമാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും അതനുസരിച്ച് അവരിൽ നിന്ന് അപേക്ഷ സ്വീകരിച്ച് വായ്പ നൽകുന്നതിനും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതിയുമായും സഹകരണ രജിസ്ട്രാറുമായും കരാറിൽ ഒപ്പുവയ്ക്കുന്നതിനും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. അയൽക്കൂട്ടാംഗങ്ങളുടെ എണ്ണവും മറ്റ് സാഹചര്യങ്ങളും പരിഗണിച്ച് ഓരോ ജില്ലയ്ക്കും അനുവദിക്കേണ്ട വായ്പാപരിധി എക്സിക്യൂട്ടീവ് ഡയറക്ടർ നിശ്ചയിക്കേണ്ടതും അതനുസരിച്ച വായ്പ അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ് .

ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
ചെയർമാൻ, സ്റ്റേറ്റ് ലവൽ ബാങ്കേഴ്സ് കമ്മിറ്റി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം. (ഇതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ഉണ്ട്.)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (03/04/2020-ലെ U.O.(Remarks) No.ധവ-2/79/2020-LSGD പ്രകാരം)
തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ